പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1242 — 7.06.2018-ൽ മറുപടിക്ക്

**<u>നെയ്യാറ്റിൻകര മുള്ളറവിള-ആയയിൽ പാലം നിർമ്മാണം</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ആൻസലൻ : | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ മുള്ളറവിള-ആയയിൽ പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് ഇതുവരെ പൂർത്തീകരിച്ചതെന്ന് വിശദീകരിക്കാമോ; | (എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ മുള്ളറവിള-ആയയിൽ പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടത്തി പാലത്തിന്റെ പുതുക്കിയ ഡിസൈൻ ലഭ്യമാക്കിയിട്ടുണ്ട്. ഡിസൈൻ പ്രകാരമുള്ള ഡി.പി.ആർ തയ്യാറാക്കി വരുന്നു. |
| (ബി). 2016-ലെ ബഡ്ജറ്റിൽ തുക പ്രഖ്യാപിച്ച ഈ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കാലതാമസം വരുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) 2016-17 ബഡ്ജറ്റ് റിപ്ളൈ സ്പീച്ചിൽ ഉൾപ്പെട്ട് വന്ന പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ 2017 ൽ തന്നെ തയ്യാറാക്കി കിഫ്ബിയ്ക്ക് സമർപ്പിച്ചുവെങ്കിലും ഡിസൈൻ റിവൈസ് ചെയ്ത് ഡി.പി.ആർ പുതുക്കി നൽകുന്നതിനായി കിഫ്ബി നിർദ്ദേശിച്ചു. ഇതു പ്രകാരം ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾനടത്തി പുതുക്കിയ ഡിസൈൻ തയ്യാറാക്കേണ്ടി വന്നു. അതിനാലാണ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് കാലതാമസം നേരിട്ടത്. |
| (സി) പ്രസ്തുത പാലത്തിന്റെ പുതിയ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കാൻ എത്രസമയം എടുക്കുമെന്ന് വ്യക്തമാക്കാമോ? | (സി) 2018 ജൂൺ മാസത്തിൽ പുതുക്കിയ ഡി.പി.ആർ കിഫ്ബിയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

S. Bindu

സെക്ഷൻ ഓഫീസർ